ഉത്തരം

(എ) അസംഘടിത മേഖലയിലെ തൊഴിലാളികളെ ഇ. എസ്. ഐ. സ്കീമിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം ഇ. എസ്. ഐ. കോർപ്പറേഷന്റെ പരിഗണനയിലാണ്.

(ബി) സ്റ്റോർ കസ്റ്റോഡിയൻമാരായി ഫാർമസിസ്റ്റുകൾക്ക് ചുമതല നൽകുന്ന കാര്യം പരിഗണനയിലാണ്. ഇ. എസ്. ഐ. സ്ഥാപനങ്ങളിലെ ഉപകരണങ്ങൾ യഥാസമയം കണ്ടം ചെയ്യാൻ നടപടി സ്വീകരിക്കാറുണ്ട്.

ഫറോക്ക്, ചെറുവണ്ണൂർ, ബേപ്പൂർ, മീഞ്ചന്ത ഇ. എസ്. ഐ. ഡിസ്പെൻസറികളിലെ തസ്തികകൾ

35 [2687] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക്, ചെറുവണ്ണൂർ, ബേപ്പൂർ, മീഞ്ചന്ത ഇ. എസ്. ഐ. ഡിസ്പെൻസറികളിൽ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഒഴിവുകളും തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) എത്ര ജീവനക്കാർ അദർ ഡ്യൂട്ടി വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നു;

(ഡി) നിലവിലുള്ള ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ഇ) പബ്ലിക് സർവ്വീസ് കമ്മീഷനേയും ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനേയും ഒഴിവാക്കി സ്ഥിരനിയമനം നടത്തേണ്ട തസ്തികകളിൽ കരാർ നിയമനം നടത്തുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഫറോക്ക് 10-ഉം ചെറുവണ്ണൂർ 27-ഉം ബേപ്പൂർ 6-ഉം മീഞ്ചന്ത 17-ഉം തസ്തിക വീതമാണ് അനുവദിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഒഴിവുകളും തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു:

തസ്തിക	ഫറോക്ക്		ചെറുവണ്ണൂർ		ബേപ്പൂർ		മീഞ്ചന്ത	
	നിലവിലുള്ളത്	ഒഴിവ്	നിലവിലുള്ളത്	ഒഴിവ്	നിലവിലുള്ളത്	ഒഴിവ്	നിലവിലുള്ളത്	ഒഴിവ്
മെഡിക്കൽ ഓഫീസർ	2	..	3	2	1	..	2	1
ഫാർമസിസ്റ്റ്	1	..	4	..	1	..	3	..
ക്ലാർക്ക്	2	..	3	..	1	..	2	..
എ. എൽ. എം.	1	..	2	..	1	..	2	..
ഹെഡ്നഴ്സ്	..	..	1	..	..	..	..	..
ഹെഡ്ക്ലാർക്ക്	..	..	1	..	..	..	..	..
സ്റ്റാഫ് നഴ്സ്	1	..	1	..	..	..	..	..
നഴ്സിംഗ് അസിസ്റ്റന്റ്	1	..	2	..	1	..	2	..
ലാബ് ടെക്നീഷ്യൻ	..	..	1	..	..	..	..	..
പ്യൂൺ	1	..	1	..	1	..	1	..
പാർട്ട് ടൈം സ്വീപ്പർ	1	..	1	..	..	..	1	..
എച്ച്. എ. ഗ്രേഡ് II	3	..	5	..	1	1	1	2
ആകെ	13	..	25	2	7	1	14	3

(സി) ചെറുവണ്ണൂർ, ബേപ്പൂർ ഇ. എസ്. ഐ. ഡിസ്പെൻസറികളിൽ ഓരോ മെഡിക്കൽ ഓഫീസർമാർ വീതം കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു.

(ഡി) നിലവിലുള്ള മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പാർട്ടു ചെയ്തിട്ടുണ്ട്. എച്ച്. എ. ഗ്രേഡ് II-ന്റെ ഒഴിവുകൾ ട്രാൻസ്ഫർ മുഖേന നികത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്തെ ഇ. എസ്. ഐ. ആശുപത്രികളിലും ഡിസ്പെൻസറികളിലും മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകളിൽ മാത്രമേ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നുള്ളൂ. പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്തതിനാലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ആവശ്യമായ മെഡിക്കൽ ഓഫീസർമാരെ ലഭ്യമല്ലാത്തതിനാലുമാണ് ഇപ്രകാരം നിയമനം നടത്തുന്നത്.

തൊഴിൽ തർക്കങ്ങൾ പരിഹരിക്കാൻ നടപടി

36 [2688] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ലേബർ കമ്മീഷണറുടെ അനുരഞ്ജനശ്രമം പരാജയപ്പെട്ടതിനെ തുടർന്ന് പരിഹരിക്കാത്ത എത്ര തൊഴിൽത്തർക്കങ്ങൾ നിലവിലുണ്ട്;

(ഡി) തൊഴിൽ തർക്കങ്ങൾ നിലനിൽക്കുന്ന സ്ഥാപനങ്ങളിൽ എത്ര തൊഴിലാളികൾ വീതമാണുള്ളത്;

(ഇ) എത്ര കാലമായി തർക്കങ്ങൾ നിലനിൽക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത തൊഴിൽ തർക്കങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇത്തരം കേസുകൾ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ അനുരഞ്ജന ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ;

(എച്ച്) സർക്കാർ തലത്തിൽ നടത്തിയ ചർച്ചയെത്തുടർന്ന് 2 വർഷത്തിനുള്ളിൽ എത്ര തർക്കങ്ങൾ പരിഹരിക്കാൻ കഴിഞ്ഞുവെന്നും അവ ഏതൊക്കെയാണെന്നും വിശദീകരിക്കാമോ; എത്ര തർക്കങ്ങൾ പരിഹരിക്കാൻ കഴിഞ്ഞുവെന്നും അവ ഏതൊക്കെയാണെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) രണ്ട്

(ബി) കൊല്ലം: ജോയിന്റ് ലേബർ കമ്മീഷണർ - 1
എറണാകുളം: ജില്ലാ ലേബർ ഓഫീസർ- 1

LIBRARY ARCHIVES Kerala Legislative Assembly